PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 4 • ISSUE : 7 JULY 2010

## എഡിറ്റോറിയൽ

### മഴക്കാലം

കേരളത്തിന് വളരെക്കൂടുതൽ തീരദേശവും, മലമ്പ്രദേശവും ഉള്ളതുകൊണ്ട് പലർക്കും മഴക്കാലം ഒരു പേടിസ്വപ്നമാണ്. എന്നാൽ മഴ ഇഷ്ടപ്പെടുന്ന ഒരു വലിയ വിഭാഗം ആളുകളുമുണ്ട്. മഴ ലഭിക്കാത്ത നാടുകളിൽ നിന്ന് കേരളത്തിലെ മഴ ആസ്വദിക്കാനെത്തുന്ന വിദേശികളും ഉണ്ടെന്നുള്ളത് ഇപ്പോൾ ഒരു വസ്തുതയാണ്.

മഴയുടെ പ്രാധാന്യം വേദപുസ്തകത്തിൽ ഒന്നു പരിശോധിക്കാം. നോഹയുടെ കാലത്തെ മഹാപ്രളയത്തിനുമുമ്പ് ഭൂമിയിൽ മഴയില്ലായിരുന്നു. "യഹോവയായ ദൈവം ഭൂമിയിൽ മഴപെയ്യിച്ചിരുന്നില്ല. ഭൂമിയിൽ വേലചെയ്‌വാൻ മനുഷ്യനും ഉണ്ടായിരുന്നില്ല. ഭൂമിയിൽ നിന്ന് മഞ്ഞ് പൊങ്ങി നിലമൊക്കെയും നനച്ചുവന്നു" (ഉല്പ 2:5,6). ദൈവം ആദ്യം മഴ സൃഷ്ടിച്ചത് ഈ പ്രളയത്തിനുവേണ്ടിയായിരുന്നു എന്നുവേണം കരുതാൻ. മഹാപ്രളയത്തിനുശേഷം ഭൂമിയിലെ ജീവജാലങ്ങളെയെല്ലാം ദൈവം ഇനി ഒരുമിച്ച് നശിപ്പിക്കുകയില്ലെന്ന് യഹോവ നോഹയോട് അരുളിച്ചെയ്യുന്നു. (ഉല്പ 9:1217). മഹാപ്രളയത്തെ തുടർന്നാണ് വലിയ പർവ്വതങ്ങളും, ആഴമേറിയ സമുദ്രങ്ങളും രൂപംകൊണ്ടത് (സങ്കീ 104:6-9).

മഴയെന്ന പ്രതിഭാസത്തിന്റെ ശാസ്ത്രീയ വശങ്ങൾ മനസ്സിലാക്കുന്നതിന് വളരെ മുമ്പുതന്നെ, ദൈവം മഴ പെയ്യിക്കുന്നതെങ്ങനെയെന്ന് വേദപുസ്തകത്തിൽ പറഞ്ഞിട്ടുണ്ട്. "അവൻ നീർത്തുള്ളികളെ ആകർഷിക്കുന്നു. അവന്റെ ആവിയാൽ അവ മഴയായി പെയ്യുന്നു"(ഇയ്യോ 36:27). അവൻ ആകാശത്തെ മേഘംകൊണ്ടു മൂടുന്നു. ഭൂമിക്കായി മഴയൊരുക്കുന്നു. (സങ്കീ 147:8). മഴപെയ്യിക്കുന്നത് എപ്പോഴും യഹോവതന്നെയെന്ന് യെരമ്യ പ്രവാചകന്റെ പുസ്തകത്തിലും പറയുന്നുണ്ട് - ആകാശമോ വർഷം നൽകുന്നത്? നമ്മുടെ ദൈവമായ യഹോവയേ അതു നീതന്നെയല്ലിയോ? (യെര 14:22).

വേനലിനുവേണ്ടി ആളുകൾ കൂടി പ്രാർത്ഥിച്ചെന്ന് കേൾക്കാറില്ല. സന്തോഷവും, സമാധാനവും തരുന്ന മഴക്കുവേണ്ടി പ്രാർത്ഥിക്കുന്നത് സാധാരണമാണ്. അതിനായി ദൈവം തരുന്ന ഉറപ്പുകൾ ശ്രദ്ധിക്കാം. "ഞാൻ ആ സമയത്ത് നിങ്ങൾക്ക് മഴതരും. ഭൂമി വിളവുതരും. ഭൂമിയിലുള്ള വൃക്ഷവും ഫലംതരും" (ലേവ്യ 26:4). "ധാന്യവും, വീഞ്ഞും, എണ്ണയും ശേഖരിക്കേണ്ടതിന് ഞാൻ തക്കസമയത്ത് നിങ്ങളുടെ ദേശത്തിന് വേണ്ടുന്ന മുൻമഴയും, പിൻമഴയും പെയ്യിക്കും" (ആവ 11:14). മഴയ്ക്കുവേണ്ടി ഏലിയാവ് കർമ്മേൽ പർവ്വതത്തിലിരുന്നു പ്രാർത്ഥിച്ചു. ആറു പ്രാവശ്യം പ്രാർത്ഥിച്ചിട്ടും മഴയുണ്ടായില്ല. ഏഴാം പ്രാവശ്യമാണ് കാർമേഘം പൊങ്ങി മഴയുണ്ടായത് - മുട്ടിപ്പായി പ്രാർത്ഥിച്ചതിന്റെ ഫലം. യഹോവയ്ക്കു കോപമുണ്ടാകുമ്പോൾ മഴ പെയ്യാതിരിക്കാൻ ആകാശത്തെ അടച്ചുകളയുമെന്ന് ആവർത്തനം 11:17-ൽ കാണാം.

ദൈവത്തോട് പാപം ചെയ്താൽ ദൈവം മഴ പെയ്യിക്കാതിരിക്കയും, പാപം ക്ഷമിക്കുമ്പോൾ മഴ പെയ്യിക്കുകയും ചെയ്യും. (2 ദിന 6:26, 27 & 1 രാജാ 8:35, 36). ദൈവത്തിന്റെ ഇഷ്ടപ്രകാരം മഴപെയ്യിക്കുകയും പെയ്യിക്കാതിരിക്കുകയും ചെയ്യുന്നതിനെക്കുറിച്ച് ആമോസ് 4:7-ൽ ഇങ്ങനെ പറയുന്നു. "ഞാൻ ഒരു പട്ടണത്തിൽ മഴ പെയ്യിക്കുകയും, മറ്റേ പട്ടണത്തിൽ മഴ പെയ്യിക്കാതിരിക്കയും ചെയ്തു". "അവരുടെ പ്രവചനകാലത്ത് മഴപെയ്യാതെ വണ്ണം ആകാശം അടച്ചുകളവാൻ അവർക്കധികാരമുണ്ട് "(വെളി 11:6). ദൈവത്തിന്റെ വലിയ ദാനമായ മഴ അന്തരീക്ഷവും, നമ്മുടെ മനസ്സും തണുപ്പിക്കുമ്പോൾ നമുക്ക് പ്രാർത്ഥനയിലൂടെ ദൈവത്തോട് കൂടുതൽ അടുക്കുവാൻ ശ്രമിക്കാം.. ■

## സഹിഷ്ണുതയുടെ അതിരുകൾ

(ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത)



ഈ ഭൂമിപ്രതികരിച്ചുതുടങ്ങിയിരിക്കുന്നു. യുഗങ്ങളായി മനുഷ്യർ ഭൂമിയെ കൊള്ളയടിക്കാനും ചാമ്പലാക്കാനും തുടങ്ങിയിട്ട്. ഭൂമിയോളമുള്ള ക്ഷമയ്ക്ക് അതിരുണ്ടെന്നു കണ്ടുപിടിച്ചതും മനുഷ്യൻതന്നെയാണ്. ഇന്ന്, മുമ്പൊരിക്കലുമുണ്ടാകാത്തവിധം കേരളം വെന്തെരിയുന്നു. ഈ നാടിനെന്തുപറ്റി?

സോഷ്യലിസ്റ്റ് താൽപര്യങ്ങളുടെ പ്രാണൻനഷ്ടപ്പെടുമ്പോൾ കുന്നുകളും മലകളും വേണ്ടതില്ല എന്നായി. വൃക്ഷങ്ങളോട് ജനസാമാന്യത്തിന് എന്തോ വൈരാഗ്യം പോലെ. നദികളുടെ ചാരിത്ര്യം നഷ്ടപ്പെടാൻ തുടങ്ങിയിട്ട് നാളേറെയായി. പലനദികൾക്കു നടുവിലും പച്ചത്തുരുത്തുകളും, കൊച്ചുകെട്ടിടങ്ങളും ഉയരുകയായി. നദികൾ മരിച്ചുതുടങ്ങിയെന്ന് സാരാംശം. കാലാവസ്ഥയ്ക്കും ഭൂപ്രകൃതിയ്ക്കുമിണങ്ങാത്ത കെട്ടിടങ്ങളും അണക്കെട്ടുകളും വികസനങ്ങളും അനാഥമാക്കിയ ഒരു ഹതഭാഗ്യ സംസ്ഥാനമാണിത്. കടന്നുപോകുന്ന ഏവരുമേ, നിങ്ങൾക്കിത് ഏതുമില്ലയോ?

ജലസ്രോതസ്സുകൾ അപ്രത്യക്ഷമായിവരുന്നു. ഒരിറ്റു ജലത്തിനുവേണ്ടി പോരാട്ടങ്ങളും, നീണ്ടയാത്രയെന്ന തീർത്ഥാടനവും തുടങ്ങിക്കഴിഞ്ഞു. ഈ ഭൂമിയെ കയ്യേറ്റം ചെയ്കവഴി, നാം നമുക്കുതന്നെ നാശകൂപമൊരുക്കുകയാണ്. വയലേലകൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. വൃക്ഷങ്ങൾക്കും വിളകൾക്കും മാറാരോഗങ്ങളായിക്കഴിഞ്ഞത് പരക്കെയാണ്. സസ്യശാമളകോമള കേരളം ഇനി ഏട്ടിൽപ്പോലുമുണ്ടാവില്ല!

മനുഷ്യന്റെ പാപവും, അത്യാഗ്രഹവും കണ്ടുമടുത്ത് പണ്ടൊരിക്കൽ ദൈവം ഭൂമിയെ ശിക്ഷിച്ചു. എല്ലാം ജലപ്രളയത്തിൽ ചത്തൊടുങ്ങി. പക്ഷേ ഒരു പുളിപ്പ് ശേഷിച്ചിരുന്നു. മണ്ണ് കൂടുതൽ ഫലഭൂയിഷ്ടമായി, പുതിയൊരു സംസ്കാരം വന്നു. അന്നും ഇന്നും മിക്കവാറും എല്ലാ രാജ്യങ്ങളിലും പരിസ്ഥിതിയെ പരിരക്ഷിക്കാൻ ശ്രമമുണ്ട്. കേരളം ഇതുവരെ ആ പാഠങ്ങൾ കേൾക്കാൻ ഒരുങ്ങിയിട്ടില്ല എന്നതാണ് പരമാർത്ഥം. ദുരയും അത്യാഗ്രഹവും, ഹിംസാത്മകതയും ഈ ഭൂമിയെ വേട്ടയാടുന്നതിൽ ഒരു ഇടവേള പോലും കാണുന്നില്ല. പ്രകൃതി സ്വച്ഛന്ദമായി നിൽക്കാതെ ജീവൻ പുലരുക അസാദ്ധ്യമാണെന്നറിയാതെയല്ല ഈ അക്രമം.

കേരളഭൂമിക്ക് പച്ചപ്പിന്റെയും മരങ്ങളുടെയും ഒരു കുട നൽകിയേ തീരൂ എന്ന് ചിന്താശീലരായ മനുഷ്യർ വിലപിക്കുന്നു. എനിക്കുശേഷം മറ്റാരും ജീവിച്ചില്ലെങ്കിലും സാരമില്ല എന്ന മനോഭാവം ഇന്ന് പരക്കെ ദൃശ്യമാണ്. സ്വാർത്ഥതയും തൽക്കാല ലാഭചിന്തയും ഭൂമിയെ ക്ഷമയുടെ നെല്ലിപ്പലകയിൽ എത്തിച്ചിരിക്കുന്നു. ഫലമോ വെന്തുരുകുന്ന കേരളം!

ഋതുഭേദങ്ങൾ കടംകഥയാവുന്നു. ഡെവലപ്പേഴ്സ് എന്ന രാജ്യസ്നേഹികൾ പടുത്തുയർത്തുന്ന രമ്യഹർമ്മ്യങ്ങൾ അന്തരീക്ഷത്തിലെ താപം ഇരട്ടിയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഓരോ വൃക്ഷച്ചുവട്ടിനും മഴുവീഴുമ്പോൾ ജീവന് ഏൽക്കുന്ന ആഘാതത്തിന്റെ നിലവിളി കേൾക്കാം. മണ്ണും, മരങ്ങളും മനുഷ്യനും - അവ അഭേദ്യങ്ങളാണ് ചൂഷണങ്ങൾക്ക് അറുതി വന്നില്ലെങ്കിൽ മലയാളിയുടെ കേരളവാസം ഇനിയും അധികം അസഹനീയമാകാനിരിക്കുന്നതേയുള്ളൂ. പ്രകൃതിയോട് മത്സരിച്ച് ആർക്കും ജീവിക്കാനാവില്ല.

മറിച്ച് മണ്ണിനോടും പ്രകൃതിയോടുമുള്ള സൗഹൃദം നമുക്കു കൂടിയേ തീരൂ. മണ്ണിൽ നിന്നെടുക്കപ്പെട്ടവരാണല്ലോ നമ്മൾ. ഈ ഭൂമിയെ പരിരക്ഷിക്കാം. വായുവും, ജലവും നഷ്ടപ്പെടാതെ ശുദ്ധമായി സൂക്ഷിക്കാം.

അലസരും സുഖലോലുപരുമായ മനുഷ്യരെ ഈ ഭൂമിക്ക് ആവശ്യമില്ല. അവസാനിക്കുന്നവൻ എന്നും അരോഗദൃഢഗാത്രനായി കാണപ്പെടുന്നു. പ്രകൃതിയെ നശിപ്പിക്കൽ ആത്മഹത്യ തന്നെയാണ്; മനുഷ്യത്വത്തിന്റെ മരണം.!

കേരളത്തിന് പ്രകൃതിയുടെ വിശുദ്ധിയിലേക്ക് ഒരു മടക്കയാത്രയുണ്ടാകുമോ - ഇതിൽ നമുക്കുമില്ലേ ചില ഉത്തരവാദിത്തങ്ങൾ? ■

## വികാരിയുടെ കത്ത്



# മാർ തോമാശ്ലീഹാ

**ഫാ. ഒ.വി. ഏലിയാസ്**

ജന്മനാ യഹൂദാഗോത്രത്തിൽപെട്ടവനും ഗലീലാക്കാരനും നമ്മുടെ കർത്താവിന്റെ പന്ത്രണ്ടുശ്ലീഹന്മാരിൽ ഒരുവനുമായ തോമാശ്ലീഹാ പെന്തിക്കോസ്തി പെരുന്നാളിനുശേഷം ആദ്യമായി പാലസ്തീനിൽ സുവിശേഷം അറിയിക്കുകയും അവിടെനിന്ന് സെലൂക്യയിൽ എത്തി സുവിശേഷം അറിയിച്ച് സഭ സ്ഥാപിച്ച് പൗരോഹിത്യസംവിധാനം ഏർപ്പെടുത്തുകയും ചെയ്തു. എ.ഡി. 52-ൽ കപ്പൽ മാർഗ്ഗം കൊടുങ്ങല്ലൂരിൽ എത്തിയ ശ്ലീഹാ കേരളത്തിലുടനീളം സുവിശേഷം അറിയിക്കുകയും കൊടുങ്ങല്ലൂർ, പാലൂർ, പറവൂർ, ഗോക്കമംഗലം, ചായൽ, നിരണം, കൊല്ലം എന്നീ ഏഴു സ്ഥലങ്ങളിൽ പള്ളികൾ സ്ഥാപിച്ചതായും തെക്കൻതിരുവിതാംകൂറിൽ തിരുവാങ്കോട്ട് ഒരു കുരിശ് (അരപ്പള്ളി) സ്ഥാപിച്ചതായും പാരമ്പര്യവും ചരിത്രവും സാക്ഷിക്കുന്നു.

പള്ളികൾ സ്ഥാപിക്കുക മാത്രമല്ല തന്റെ ഇവിടുത്തെ വേല തുടർന്നുകൊണ്ടുപോകത്തക്കവണ്ണം സഭയുടെ സ്ഥായിയായ നിലനിൽപ്പിനുവേണ്ടി പകലോമറ്റം, ശങ്കരപുരി, കള്ളി, കാളിയാങ്കൽ എന്നീ നാല് ബ്രാഹ്മണ കുടുംബങ്ങളിൽ നിന്നുള്ളവർക്ക് പൗരോഹിത്യ നൽവരം നല്കി ഭരണക്രമം ഏർപ്പെടുത്തുകയും ചെയ്തു. ഇവിടെനിന്നും ഇൻഡ്യയുടെ പൂർവ്വതീരത്ത് പോയി സുവിശേഷം അറിയിച്ച് മലയാ, ചൈന ദേശങ്ങളിലും പോയി തിരിച്ചുവന്ന് മദ്രാസ് തീരത്തിനടുത്തുള്ള മൈലാപ്പൂരിൽ വച്ച് സുവിശേഷവിരോധിയായ ബ്രാഹ്മണനാൽ, താൻ പ്രാർത്ഥനാനിരതനായിരുന്ന വേളയിൽ കുന്തംകൊണ്ട് കുത്തേൽക്കുകയും (ഡിസംബർ 18) കർത്താവിൽ രക്തസാക്ഷിയായി മരണംപ്രാപിച്ച് (ഡിസം: 21) അവിടെ കബറടക്കപ്പെടുകയും ചെയ്തു.

പിൽക്കാലത്ത് അദ്ദേഹത്തിന്റെ തിരുശേഷിപ്പുകൾ അപ്പോസ്തലനാൽ സ്ഥാപിക്കപ്പെട്ട പൗരസ്ത്യസഭയുടെ ആദ്യ ആസ്ഥാനമായ ഉറഹായിലേക്ക് (എഡേസ്സാ) കൊണ്ടുപോയി ഒരു പള്ളിയിൽ സ്ഥാപിച്ച് പെരുന്നാളാഘോഷിച്ചു. അത് ജൂലൈ 3-ാം തീയതി ആയിരുന്നു. മലങ്കരസഭ ജൂലൈ 3 മാറാനായപോലെ തോമാശ്ലീഹായുടെ പെരുന്നാൾ ആചരിക്കുന്നത് പേർഷ്യൻ സഭയുടെ കലണ്ടർ സ്വീകരിച്ചിരുന്നതുകൊണ്ടാണ്. മലങ്കരസഭ പൗരസ്ത്യ കാതോലിക്കായുടെ കീഴിലായിരുന്നു എന്നതിന് ഒരു തെളിവാണിത്.

തോമാശ്ലീഹാ ഇൻഡ്യയിലും പ്രത്യേകിച്ച് കേരളത്തിലും വന്നിട്ടില്ല എന്ന് വാദിക്കുന്ന ചിലരുണ്ടെങ്കിലും യൗസേബിയോസിന്റെ ചരിത്രരേഖകളിലും, മൂന്നാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട Acta Thoma (തോമായുടെ നടപടികൾ) എന്ന അപ്പൊക്രിഫാ പുസ്തകത്തിലും ഒന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന റോമിലെ മാർ ക്ലീമ്മീസിന്റെ ഗ്രന്ഥത്തിലും നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മാർ അപ്രേം, മാർ ജറോം എന്നീ പിതാക്കന്മാരുടെ എഴുത്തുകളിലും മാർതോമ്മാശ്ലീഹായുടെ ഇൻഡ്യൻസഭ എന്ന E.M. ഫിലിപ്പിന്റെ പുസ്തകത്തിലും മറ്റ് ഏറെപ്പേരുടെ ഗ്രന്ഥങ്ങളിലും മലങ്കരയിൽ നിലവിലിരിക്കുന്ന നിരവധി പാരമ്പര്യങ്ങളിലും മാർതോമ്മാശ്ലീഹാ ഇവിടെ സഭ സ്ഥാപിച്ചു എന്നതിനും ഭാരതത്തിന്റെ അപ്പോസ്തലൻ താൻതന്നെയാണ് എന്നതിനും മതിയായ പരാമർശങ്ങളും തെളിവുകളും കാണാം.

മാർ തോമ്മാശ്ലീഹായുടെ പൈതൃകം അവകാശപ്പെടുന്ന ഭാരതത്തിലെ എല്ലാ സഭകളും ചേർന്ന് ഇൻഡ്യയുടെ അപ്പോസ്തലനും, കാവൽപിതാവും, സഹദായും, മദ്ധ്യസ്ഥനും, ശ്രേഷ്ഠമഹാപുരോഹിതനുമായ ശ്ലീഹായുടെ രക്തസാക്ഷ്യത്വത്തിന്റെ 19-ാം ശദാബ്ദി ഇന്ത്യയിലും കേരളത്തിലെമ്പാടും 1972-ൽ ആഘോഷിക്കുകയുണ്ടായി. റോമൻ കത്തോലിക്കാസഭയുടെ പ്രത്യേക ഉത്സാഹത്തിലും കേരളത്തിലെ എല്ലാ സഭാവിഭാഗങ്ങളുടെ ആഭിമുഖ്യത്തിലും എറണാകുളത്തുവച്ച് ശതാബ്ദി ആഘോഷം നടത്തപ്പെട്ടു. മാർ തോമ്മാശ്ലീഹാ സ്മാരകമായി ഒരു സെന്റ് തോമസ് എൻസൈക്ലോപ്പീഡിയാ പ്രസിദ്ധീകരിച്ചു. 1972 ഡിസം 31ന് മലങ്കരസഭയുടെ ആഭിമുഖ്യത്തിൽ അഖിലമലങ്കരാടിസ്ഥാനത്തിൽ വർണ്ണശബളമായ ആർഭാടങ്ങളോടും ഉത്സാഹതിമിർപ്പോടും ഭക്തിനിർഭരമായും കോട്ടയം മാർ ഏലിയ കത്തീഡ്രൽ മൈതാനിയിൽ ശതാബ്ദി ആഘോഷങ്ങൾ ഗംഭീരമായി നടത്തുകയുണ്ടായി.

പരിശുദ്ധ ദൈവമാതാവിന്റെ പെരുന്നാൾ സഭയിൽ എല്ലായിടത്തും ആചരിക്കുന്നതുപോലെ, പരിശുദ്ധ പരുമലതിരുമേനിയുടെ പെരുന്നാൾ എല്ലായിടത്തും ആചരിക്കുന്നതുപോലെ മാർതോമ്മാശ്ലീഹായുടെ ഓർമ്മ വലിയപെരുന്നാളായി എല്ലായിടത്തും ആഘോഷമായി ആചരിക്കുവാൻ മലങ്കരസഭയ്ക്ക് പ്രത്യേക കടമയുണ്ട്. ആയത് ശ്ലീഹയുടെ രക്തസാക്ഷിമരണദിനത്തിൽ ആയിരിക്കുന്നതും ഉചിതം. ഇപ്പോൾ മാർതോമ്മാശ്ലീഹായുടെ നാമത്തിലുള്ള പള്ളികളിലല്ലാതെ മറ്റുദേവാലയങ്ങളിൽ ഈ പെരുന്നാൾ ആഘോഷമായി കൊണ്ടാടുന്നതായി അറിവില്ല. ഈ പശ്ചാത്തലവുംകൂടി കണക്കിലെടുത്താണ് നമ്മുടെ പള്ളി, തേവരഭാഗത്ത് മാർ തോമ്മാശ്ലീഹായുടെ നാമത്തിൽ ചാപ്പൽ സ്ഥാപിച്ചത്. ഇപ്പോൾ അതൊരിടവകയാണ്. അവിടെ തോമ്മാശ്ലീഹായുടെ പെരുന്നാൾ ഡിസംബർ 21ന് സമുചിതമായി കൊണ്ടാടുന്നു.

“നിങ്ങൾക്ക് ക്രിസ്തുവിൽ പതിനായിരം ഗുരുക്കന്മാർ ഉണ്ടെങ്കിലും പിതാക്കന്മാർ ഏറെയില്ല. ക്രിസ്തുയേശുവിൽ ഞാനല്ലോ നിങ്ങളെ സുവിശേഷത്താൽ ജനിപ്പിച്ചത്” (1 cori:4:15). ക്രിസ്തു യേശുവിൽ നമ്മെ ജനിപ്പിച്ച നമ്മുടെ പിതാവായ മാർ തോമ്മാശ്ലീഹായുടെ ഓർമ്മ വാഴ്വിനായിത്തീരട്ടെ. പരിശുദ്ധന്റെ മദ്ധ്യസ്ഥത നമുക്കെന്നും കാവലും കോട്ടയുമായിരിക്കട്ടെ. ■

# The Bishop's Robe

**Petson Peter C**

Passengers were busy at the check-in counter of the Chatrapathi Shivaji Air terminal at Mumbai. In the midst of the din & bustle a sweet voice flowed through the microphone announcing the departure of the Kingfisher flight No.AAN09 to Cochin Mr. Subin who was on a business trip to Mumbai hurried towards the departure point holding his boarding pass. While consolidating his position in the line he noted a Bishop and his personal staff standing in front of him. In the next moment a wave of envy passed through Subin's mind for the posh life enjoyed by Bishops and religious leaders in our country. But at the same time a feeling of security and protection filled his mind by the presence of the Holy Spirit in the air craft.

Inside the aircraft Subin could locate his seat without much difficulty. To his great surprise he found the Bishop is occupying a seat next to him. After a formal introduction Subin decided to ask a crooked question regarding the significance of wearing the illustrious robes and ornaments by the Bishops. By this time the airplane was well in the air after a smooth take off. Keeping his cool and with hearty smile Bishop responded to Subin's question by explaining it as an icon of identity and saintliness bestowed by the almighty. Before Subin could frame another naughty question, the air craft began to tilt and jolt violently due to the deterioration of weather condition. Anxiety gripped every one and adding fuel to the situation, announcement came to fasten the seat belts. As anxious moments prolonged, elements of fear conquered Subin's and his co-passengers' minds.Subin's fear doubled since he could read from the faces of the air-hostesses that the situation was alarming and Subin passed a helpless glance at the Bishop. This time Subin could see the face of the Holy Father with all its divinity and calmness unperturbed in the situation.

*(Contd..page 4)*

# KOINONIA 2010

The event "KOINONIA 2010" was one of our most awaited events of the year. Since last year, when the first KOINONIA was conducted, it has become an event that all of us look forward to. The thought of a spiritual fellowship with the different churches of our Kochi Diocese had turned tp a reality with "KOINONIA'2010". The theme for this year was 'Fellowship with God and Each Other'. The cultural and literary fest gave students of different churches a chance ,to come together, know each other and be part of various competitions like Quiz, Mock Press, Sword drill, Extempore, Single songs and Group Song.

The event arrived in all its splendor on 12th of June. The heavy rains didn't dampen the spirits of the participants. Students from 9 churches in and around Ernakulam participated in the event. The events were conducted in different venues in the church premises. The full fledged participation of the students from various churches marked the success of our endeavour. The number of participants doubled compared to last year as proof of our success. Former members of our MGOCSM and seniors members of our Parish gave us great support. Along with the various cultural and literary events our senior member Mr. Mammen Abraham spoke on personality development which was a real eye opener for all the participants.

The valedictory function was presided over by the Vicar and Cine Artiste Capt. Raju was the chief guest. He presented the trophies to the winning churches. ST.GREGORIOUS ELAMKULAM embraced the day taking over with them the Ever Rolling Trophy, followed by ST.THOMAS THEVARA being the runners-up. "KOINONIA'2010" was undoubtedly a splendid event which witnessed the talents of the youth. Moreover it created a deepening bond between youngsters of various churches. ■












## മാനേജരായി ചുമതലയേറ്റു



കൂനൻകുരിശ് സത്യത്തിന്റെ ചരിത്രം ഉറങ്ങുന്ന മട്ടാഞ്ചേരി സെന്റ് ജോർജ്ജ് പള്ളിയുടെയും വസ്തുവകകളുടെയും മാനേജരായി പണിക്കശ്ശേരിൽ ഗീവർഗ്ഗീസ് തോമസ് അച്ചൻ (സന്തോഷച്ചൻ) ചുമതലയേറ്റു.

സഭാചരിത്രസ്മാരകമായി സഭ ഏറ്റെടുത്ത് പ. ബാവാതിരുമേനിയുടെ നേരിട്ടുള്ള നിയന്ത്രണത്തിൻകീഴിലുള്ളതും സഭയുടെ എ ഷെഡ്യൂളിൽപ്പെട്ടതുമാണ് മട്ടാഞ്ചേരി സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളി.

"ദൈവം നമ്മെ ആശ്വസിപ്പിക്കുന്നത് നാം അല്ലലില്ലാതെ ജീവിക്കുന്നതിനു മാത്രമല്ല, നാം മറ്റുള്ളവർക്ക് ആശ്വാസമായി തീരേണ്ടതിനും കൂടിയാണ് "

## കുടുംബ വിശേഷങ്ങൾ

### ഹരിതഭൂമിക്കായ്. . .



ആധുനികതയ്ക്കുവേണ്ടി പരക്കംപായുന്ന മനുഷ്യൻ ഈ കാലത്തിന്റെ നേർക്കാഴ്ചയാണ്. മനുഷ്യനാൽ പരിപാലിക്കപ്പെടേണ്ട പ്രകൃതിയുടെ ചരമക്കുറിപ്പും അവനാൽതന്നെ എഴുതപ്പെടുന്നത് വിരോധാഭാസമാണ്. ആഗോള താപനമുൾപ്പെടെ, നിറഞ്ഞ പാരിസ്ഥിതിക പ്രതിസന്ധികൾക്കിടയിൽ ഹരിതഭംഗിയുടെ തിരിവെട്ടവുമായി ഒരു ലോകപരിസ്ഥിതിദിനം കൂടി കടന്നുപോയി - ഏതോ ഭീകരവിപത്തിനുള്ള മുന്നറിയിപ്പുപോലെ. പരിസ്ഥിതി ദിനാചരണം, കത്തീഡ്രലിൽ MGOCSM യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നടന്നു.

## യുവജനപ്രസ്ഥാനം – കത്തീഡ്രൽ യൂണിറ്റ്

ഓർത്തഡോക്സ് യുവജനപ്രസ്ഥാനത്തിന്റെ മെംബർഷിപ്പ് കാംപെയ്ൻ സമ്മേളനം അഭിവന്ദ്യ ഇടവക മെത്രാപ്പോലീത്ത ഡോ. യാക്കോബ് മാർ ഐറേനിയോസ് തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ പള്ളിഹാളിൽ ജൂൺ 27-ാം തീയതി ഞായർ 11 മണിക്ക് ചേരുകയുണ്ടായി. 50-ൽ പരം അംഗങ്ങൾ സംബന്ധിച്ചിരുന്നു. അംഗത്വഫോറങ്ങൾ നൽകിക്കൊണ്ട് ഉദ്ഘാടനം ചെയ്ത സമ്മേളനം തിരുമനസ്സിലെ വിജ്ഞാനപ്രദമായ വേദപഠന ക്ലാസുകൊണ്ട് അത്യന്തം ഹൃദ്യമായിരുന്നു. കൂടുതൽ ആളുകൾ സംഘടനയിൽ ചേരുവാൻ മുന്നോട്ടുവന്നതിനെ തിരുമനസ്സുകൊണ്ട് ശ്ലാഘിക്കുകയും എല്ലാ സഹായസഹകരണങ്ങളും തുടർന്നും ഉണ്ടാകണമെന്ന് ഉത്ബോധിപ്പിക്കുകയും ചെയ്തു.

## ഇംഗ്ലീഷ് കുർബാന

ഇടവക മെത്രാപ്പോലീത്ത തിരുമനസ്സുകൊണ്ട് ജൂൺ 27-ാം തീയതി ഞായറാഴ്ച സെക്കന്റ് സർവ്വീസ് ഇംഗ്ലീഷിൽ വി. കുർബാന അർപ്പിച്ചു. ദീർഘകാലമായുള്ള കത്തീഡ്രൽ ഇടവകയുടെ ആഗ്രഹമാണ് വി. കുർബാന ഇംഗ്ലീഷിൽ അർപ്പിച്ചതുവഴിയായി സഫലീകൃതമായിരിക്കുന്നത്. തിരുമനസ്സുകൊണ്ട് ആവശ്യമായ പരിശീലനം നൽകുകയും, പരമാവധി കുറ്റമറ്റതാക്കുവാൻ പരിശ്രമിക്കുകയും ചെയ്തതിന്റെ ഫലമായാണ് അങ്ങനെയൊരു ആരാധന നടന്നത്. തുടർന്നും മാസത്തിൽ ഒരിക്കലെങ്കിലും ഇംഗ്ലീഷിൽ വി. കുർബ്ബാന അർപ്പിക്കണമെന്നാണ് പൊതുവേയുള്ള താൽപര്യവും ആഗ്രഹവും. പുത്തൻതലമുറയ്ക്ക് വളരെ പ്രയോജനകരമായ ഒരു നടപടിയായിരിക്കും ഇത്.

## വിശേഷ ദിവസങ്ങൾ

**ജൂലൈ**

15 വ്യാഴം : മാർ കുര്യാക്കോസ് സഹദായുടെയും, അമ്മ യൂലീത്തിയുടെയും ഓർമ്മ

**ഓഗസ്റ്റ്**

1 ഞായർ : പതിനഞ്ചു നോമ്പാരംഭം

## നിര്യാതരായി



1. കുണ്ടന്നൂർ മഠത്തിൽ പറമ്പിൽ ശ്രീമതി ലീലാമ്മ സുന്ദരത്തിന്റെ മാതാവ് ശ്രീമതി മറിയാമ്മ ശാമുവേൽ (79) 22-6-2010-ൽ നിര്യാതയായി. എളംകുളം ചാപ്പൽ സെമിത്തേരിയിൽ അടക്കംചെയ്തു.



2. എറണാകുളം കാരക്കാട്ട് റോഡിൽ തച്ചിൽ ശ്രീ. ടി.കെ. രാജേഷിന്റെ മാതാവ് മേരി തോമസ് (79) 25-6-2010ൽ നിര്യാതയായി. കൊട്ടാരക്കര വെട്ടിക്കവല സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി സെമിത്തേരിയിൽ 27-6-2010ൽ അടക്കം ചെയ്തു. കത്തീഡ്രൽ പള്ളി പണിക്ക് മേൽനോട്ടംവഹിച്ച പരേതനായ എഞ്ചിനീയർ ശ്രീ. ടി.കെ. തോമസിന്റെ പത്നിയാണ് പരേത.



3. വടുതല, അയ്യംകുളങ്ങര വീട്ടിൽ ശ്രീ. എ.എം. ജേക്കബ് (76) 30-6-2010 ൽ നിര്യാതനായി. ചിറ്റൂർ റോഡ് സെമിത്തേരിയിൽ അടക്കം ചെയ്തു.

*ആദരാഞ്ജലികൾ*

## അൽപം സ്വകാര്യം

കത്തീഡ്രൽ ഇടവകയുടെ നാളിതുവരെയുള്ള പ്രവർത്തനങ്ങളിൽ ഇടവക ജനങ്ങളുടെ പ്രാർത്ഥനാപൂർവ്വമായ കൈത്താങ്ങലുകൾ എടുത്തുപറയത്തക്കതാണ്. ആത്മീക-ഭൗതിക തലങ്ങളിൽ മാതൃകാപരമായി വളരുവാനും നമുക്കു സാധിച്ചു. മാറിയ കാലഘട്ടത്തിൽ കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നതിന് സാമ്പത്തിക സഹായങ്ങൾ ഇനിയും അത്യാവശ്യമായിരിക്കുന്നു. ആയതിനുവേണ്ടി, എല്ലാ മാന്യ ഇടവകജനങ്ങൾക്കും കത്തീഡ്രലിൽ നിന്നും ഒരഭ്യർത്ഥന അയച്ചിരുന്നു. ആയതിനാൽ എല്ലാ ഭവനങ്ങളിൽ നിന്നും സാമ്പത്തികസ്ഥിതി അനുസരിച്ച് മാസവരി വർദ്ധിപ്പിച്ച് തുടർന്നും സഹകരിക്കുമല്ലോ.

*(from page 2)*

Slowly but steadily the aircraft emerged from the danger zone and attained normalcy.: The incident made subin to realize that the luxurious garments worn by the Bishop is not a token of his posh life, instead the sacred robes symbolizes the strength of the divine power of the Bishop and his commitment of life to serve the Lord. He further regretted for all the ill feelings and misconceptions regarding the life of religious dignitaries. Subin's mind became crystal clear and gave a patient ear to all the words which the Bishop spoke to him without any contradiction of opinion from his side. The Air craft landed safely at the Cochin Air terminal in a calm weather condition which he believed to be due to the presence and prayers of the Bishop.

*Sponsored by:*

**A Well Wisher**

Editorial Board: P.T. John(98951 43625), K.K. George (94470 40484),
Mammen Abraham (94473 68886) & Suma Mathew (98460 25711) Design: Cornet, Cochin
**Edited & Published by:** K.K. George for **St. Mary's Orthodox Cathedral, Ernakulam. Phone : 0484-2352490, 2365827**
***Website: www.stmarysorthodoxcathedralekm.org Email: georgekaithayil@yahoo.com***

***For Private Circulation only***